# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 30 18-03-2013-ന് മറുപടി നൽകേണ്ടത്

## കേന്ദ്രമന്ത്രിമാരുമായി മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും കൂടിക്കാഴ്ച

**ചോദ്യം**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | കേന്ദ്ര ബഡ്ജറ്റിലെ അവഗണനയെത്തുടർന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽപ്പോയി കേന്ദ്ര മന്ത്രിമാരെ കണ്ട് ചർച്ച നടത്തിയ ഉന്നതതലസംഘത്തിൽ ആരെല്ലാം ഉണ്ടായിരുന്നു: വ്യക്തമാക്കുമോ: | (എ) | കേന്ദ്ര ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ചുവെന്നു കരുതുന്നില്ല. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി), ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി), ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി), ശ്രീ. വി.എസ്. ശിവ കുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി), ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യ-പൊതുവിതരണ, രജിസ്ട്രേഷൻ വകുപ്പു മന്ത്രി), ശ്രീ. അടൂർ പ്രകാശ് (റവന്യൂ വകുപ്പു മന്ത്രി), ശ്രീ. കെ.പി. മോഹനൻ (കൃഷി, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) എന്നിവരും ചീഫ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ എന്നിവർ ഉൾപ്പെട്ട സംഘമാണ് മാർച്ച് 4,5 തീയതികളിൽ ഡൽഹിയിൽ പോയി കേന്ദ്രമന്ത്രിമാരെ കണ്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ചത്. |
| (ബി) | ഏതെല്ലാം കേന്ദ്രമന്ത്രിമാരുമായി നേരിൽ ചർച്ച നടത്തുകയുണ്ടായി: ഓരോ ചർച്ചയിലും സംസ്ഥാനത്തെ ബാധിക്കുന്ന ഏതെല്ലാം കാര്യങ്ങൾ | (ബി) | 1) ശ്രീ. എ.കെ. ആന്റണി (കേന്ദ്ര പ്രതിരോധ മന്ത്രി)<br>2) പവൻ കുമാർ ബൻസൽ (കേന്ദ്ര റയിൽവേ മന്ത്രി) |

| | | | |
|---|---|---|---|
| | ഉന്നയിക്കപ്പെട്ടു: പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു: | | 3) ശ്രീ. പി. ചിദംബരം (കേന്ദ്ര ധന മന്ത്രി)<br>4) ശ്രീ. ഗുലാം നബി ആസാദ് (കേന്ദ്ര ആരോഗ്യ, കുടുംബ ക്ഷേമ വകുപ്പു മന്ത്രി)<br>5) ശ്രീ. സുശീൽ കുമാർ ഷിൻഡെ (കേന്ദ്ര ആഭ്യന്തര മന്ത്രി)<br>6) ശ്രീ. അജിത് സിംഗ് (കേന്ദ്ര വ്യോമയാന മന്ത്രി)<br>7) ശ്രീ. ആനന്ദ് ശർമ്മ (കേന്ദ്ര വാണിജ്യ, വ്യവസായ ടെക്സ്റ്റൈൽ മന്ത്രി)<br>8) ഡോ. സി.പി.ജോഷി (കേന്ദ്ര റോഡ് ഗതാഗത, ദേശീയപാത വകുപ്പു മന്ത്രി)<br>9) ശ്രീ. സി.കെ. കറ്റോച്ച് (കേന്ദ്ര സാംസ്കാരിക വകുപ്പു മന്ത്രി)<br>10) ശ്രീ. ജി.കെ. വാസൻ (കേന്ദ്ര ഷിപ്പിംഗ് വകുപ്പു മന്ത്രി)<br>11) ശ്രീ. ശ്രീപ്രകാശ് ജൈസ്വാൾ (കേന്ദ്ര കൽക്കരി വകുപ്പു മന്ത്രി)<br>12) ശ്രീ. കമൽനാഥ് (കേന്ദ്ര നഗര വികസന, പാർലമെന്ററികാര്യ മന്ത്രി)<br>13) ശ്രീ. അജയ് മാക്കൻ (കേന്ദ്ര ഭവന നിർമ്മാണ-ദാരിദ്ര്യനിർമ്മാർജ്ജന വകുപ്പു മന്ത്രി)<br>14) ശ്രീ. വീരപ്പ മൊയ്‌ലി (കേന്ദ്ര പെട്രോളിയം പ്രകൃതിവാതക വകുപ്പു മന്ത്രി)<br>15) ശ്രീ. ശരത് പവാർ (കേന്ദ്ര കൃഷി മന്ത്രി)<br>16) ശ്രീ. ചിരഞ്ജീവി (കേന്ദ്ര ടൂറിസം സഹമന്ത്രി-സ്വതന്ത്ര ചുമതല)<br>17) ശ്രീ. കെ.വി. തോമസ് (കേന്ദ്ര ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ വകുപ്പു സഹമന്ത്രി-സ്വതന്ത്ര ചുമതല)<br>18) ശ്രീ. ജയ്പാൽ സുദിനി റെഡ്ഡി (കേന്ദ്ര ശാസ്ത്ര സാങ്കേതിക, ഭൗമശാസ്ത്ര വകുപ്പു മന്ത്രി)<br>19) ശ്രീ. സൽമാൻ ഖുർഷിദ് (കേന്ദ്ര വിദേശകാര്യ മന്ത്രി)<br>20) ശ്രീ. ജ്യോതിരാദിത്യ മാധവറാവു സിന്ധ്യ (കേന്ദ്ര ഊർജ്ജ സഹമന്ത്രി-സ്വതന്ത്ര ചുമതല) എന്നീ കേന്ദ്രമന്ത്രിമാരെ സന്ദർശിച്ച് |

| | | | |
|---|---|---|---|
| | | | അനുബന്ധമായി ചേർത്തിരിക്കുന്ന കാര്യങ്ങൾ ഉന്നയിക്കുകയും അവയ്ക്ക് അനുഭാവപൂർണ്ണമായ സമീപനം ഉറപ്പു വരുത്തുകയും ചെയ്തു. |
| (സി) | 2011 സെപ്റ്റംബർ 22, 23 തീയതികളിൽ വിവിധ മന്ത്രിമാരുമായി നടത്തിയ ചർച്ചയിലെ പ്രമുഖ തീരുമാനങ്ങളിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവയെ സംബന്ധിച്ചും ഇപ്പോഴത്തെ ഘട്ടത്തിൽ ചർച്ച ചെയ്യുകയുണ്ടായോ; വിശദമാക്കുമോ ? | (സി) | രാജ്യത്തിന്റെ പ്രധാന ആവശ്യങ്ങളടങ്ങിയ പുതിയ നിവേദനങ്ങളാണ് സന്ദർശന വേളയിൽ നൽകിയത്. നേരത്തെ നടത്തിയ ചർച്ചകളിൽ പ്പെട്ടതും ഇതുവരെ പൂർണ്ണ പരിഹാരം ഉണ്ടാകാത്തതും (സോമാലിയൻ പൈറേറ്റ്സ് സംബന്ധിച്ചുള്ള പ്രശ്നം, കോച്ചു ഫാക്ടറി, പാലക്കാട് റെയിൽവേ സോൺ മുതലായ പ്രശ്നങ്ങൾ) ഇപ്പോഴത്തെ ചർച്ചയിലുമുണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ [illegible]